# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 01-11-2025** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. പുരാതന കാലം മുതൽ ലോക സമാധാനത്തിനായാണ് ഇന്ത്യ നിലകൊള്ളുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ഛത്തീസ്ഗഢിൽ 14,260 കോടി രൂപയുടെ വിവിധ വികസന പദ്ധതികൾക്ക് പ്രധാനമന്ത്രി ഇന്ന് തുടക്കം കുറിക്കും.

**India has been standing for world peace since ancient times, Prime Minister Narendra Modi says, PM will launch various development projects worth Rs 14,260 crore in Chhattisgarh today.**

2. ഉപരാഷ്ട്രപതി സി.പി.രാധാകൃഷ്ണൻ തിങ്കളാഴ്ച കേരളം സന്ദർശിക്കും.

**Vice President C.P. Radhakrishnan will visit Kerala on Monday.**

3. ആസിയാൻ പ്ലസ് രാജ്യങ്ങളുമായുള്ള സഹകരണം സമാധാനത്തിനും വികസനത്തിനുമുള്ള മാർഗ്ഗമായാണ്ഇന്ത്യ കാണുന്നതെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ്.

**India sees cooperation with ASEAN Plus countries as a way to peace and development: Defence Minister Rajnath Singh.**

4. കേരളത്തെ അതിദാരിദ്ര്യമുക്ത സംസ്ഥാനമായി പ്രഖ്യാപിച്ച് സംസ്ഥാന സർക്കാർ. അതിദാരിദ്ര്യ നിർമ്മാർജ്ജനത്തിനായി കേരളം 1,000 കോടിയിലധികം ചെലവഴിച്ചതായി മുഖ്യമന്ത്രി പിണറായി വിജയൻ. പ്രഖ്യാപനം തട്ടിപ്പെന്ന് പ്രതിപക്ഷം.

**State government declares Kerala as an extreme poverty-free state. Chief Minister Pinarayi Vijayan says Kerala has spent more than Rs 1,000 crore on extreme poverty eradication. Opposition calls the announcement a fraud.**

5. ഇന്ന് കേരളപ്പിറവി. രാഷ്ട്രപതി, പ്രധാനമന്ത്രി, ഗവർണർ, മുഖ്യമന്ത്രി എന്നിവർ ആശംസകൾ നേർന്നു.

**Kerala celebrating Formation Day today. President, Prime Minister, Governor and Chief Minister extend their greetings.**

6. ഇന്ത്യ- ഓസ്ട്രേലിയ ട്വന്റി- 20 പരമ്പരയിലെ മൂന്നാം മത്സരം നാളെ.

**The third match of the India-Australia Twenty20 series is tomorrow.**

&&&&&&&&&&&&&&&&&&

**HEADLINE-1**

**PM-CHHATTISGARH-INTRO**

*പുരാതന കാലം മുതൽ ലോകസമാധാനത്തിനായാണ് ഇന്ത്യ നിലകൊള്ളുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ഛത്തീസ്ഗഡിലെ നവ റായ്പൂരിൽ ശാന്തി ശിഖർ - ബ്രഹ്മാകുമാരിസ് ധ്യാനകേന്ദ്രം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ലോകത്തെവിടെയും*

*ദുരന്തങ്ങളുണ്ടാകുമ്പോഴും ഏത് ആപത്ഘട്ടത്തിലും അടിയന്തര സഹായവുമായി ഇന്ത്യ ഓടിയെത്തുമെന്നും പ്രധാനമന്ത്രി പറഞ്ഞു.*

*( വോയിസ്-പ്രധാനമന്ത്രി)*

*ഛത്തീസ്ഗഢ് നിയമസഭയുടെ പുതിയ കെട്ടിടത്തിന്റെ ഉദ്ഘാടനവും പ്രധാനമന്ത്രി നിർവഹിച്ചു. 14,260 കോടി രൂപയുടെ വിവിധ വികസന പദ്ധതികൾക്കും തുടക്കം കുറിക്കും. രാവിലെ, ദിൽ കി ബാത്ത് സംരംഭത്തിന്റെ ഭാഗമായി നവ റായ്പൂർ അടൽ നഗറിലെ ശ്രീ സത്യസായി സഞ്ജീവനി ആശുപത്രിയിൽ 'ഗിഫ്റ്റ് ഓഫ് ലൈഫ്' പരിപാടി പ്രകാരം ഹൃദ്രോഗ ചികിത്സ ലഭിച്ച 2,500 ഓളം കുട്ടികളുമായി പ്രധാനമന്ത്രി സംവദിച്ചു.*

&&&&&&&&&&&&&&&&&

**HEADLINE-2**

**VP - KERALA**

ഉപരാഷ്ട്രപതി സി.പി.രാധാകൃഷ്ണൻ മറ്റെന്നാൾ കേരളം സന്ദർശിക്കും. കൊല്ലം ഫാത്തിമ മാത നാഷനൽ കോളജ് ജൂബിലി ആഘോഷങ്ങളുടെ ഉദ്ഘാടനം അദ്ദേഹം നിർവഹിക്കും. ഉപരാഷ്ട്രപതി പദത്തിൽ എത്തിയ ശേഷമുള്ള ശ്രീ സി.പി രാധാകൃഷ്ണന്റെ ആദ്യ കേരള സന്ദർശനമാണിത്.

&&&&&&&&&&&&&&&&&

**HEADLINE-4**

**CM–ASSEMBLY**

കേരളത്തെ അതിദാരിദ്ര്യമുക്ത സംസ്ഥാനമായി പ്രഖ്യാപിച്ച് സംസ്ഥാന സർക്കാർ.കേരളപ്പിറവിയോട് അനുബന്ധിച്ച് ഇന്ന് ചേർന്ന നിയമസഭയുടെ പ്രത്യേക സമ്മേളനത്തിൽ മുഖ്യമന്ത്രി മുഖ്യമന്ത്രി പിണറായി വിജയനാണ് പ്രഖ്യാപനം നടത്തിയത്. അതിദാരിദ്ര്യ നിർമ്മാർജ്ജനത്തിനായി 1,000 കോടിയിലധികം രൂപയാണ് കേരളം ചെലവഴിച്ചതെന്ന് അദ്ദേഹം പറഞ്ഞു. 62 ലക്ഷത്തോളം കുടുംബങ്ങൾക്കു ക്ഷേമ പെൻഷൻ നൽകിയതും, 4.70 ലക്ഷത്തോളം ഭവനരഹിത കുടുംബങ്ങൾക്ക് വീടുകൾ ലഭ്യമാക്കിയതും അടക്കമുള്ള നടപടികളാണ്

കേരളത്തെ രാജ്യത്തെ ആദ്യ അതിദാരിദ്ര്യമുക്ത സംസ്ഥാനമാക്കി മാറ്റിയതെന്നും അദ്ദേഹം പറഞ്ഞു. അതേ സമയം, പ്രതിപക്ഷം നിയമസഭ ബഹിഷ്ക്കരിച്ചു. കേരളം അതിദാരിദ്ര്യമുക്തമാണെന്ന മുഖ്യമന്ത്രിയുടെ പ്രഖ്യാപനം തട്ടിപ്പാണെന്നും പ്രതിപക്ഷ നേതാവ് വി ഡി സതീശനും ബി.ജെ.പിയും ആരോപിച്ചു.

&&&&&&&&&&&&&&&&&&

**HEADLINE-5**

**KERALA DAY**

ഇന്ന് കേരളപ്പിറവി. ഭാഷാടിസ്ഥാനത്തിൽ 1956 നവംബർ ഒന്നിനാണ് ഐക്യ കേരളം രൂപീകരിച്ചത്. 69-ാം വാർഷികത്തോട് അനുബന്ധിച്ച് വിപുലമായ ആഘോഷ പരിപാടികളാണ് സംസ്ഥാനത്ത് നടക്കുന്നത്.

മലയാളദിനാഘോഷത്തിന്റെയും ഭരണഭാഷാ വാരാഘോഷത്തിന്റെയും സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ അൽപസമയത്തിനകം നിർവഹിക്കും. തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ ഇന്ന് ഉച്ചയ്ക്ക് ശേഷം നടക്കുന്ന ചടങ്ങിൽ ചലച്ചിത്ര താരങ്ങളായ മോഹൻലാൽ, മമ്മൂട്ടി, കമൽഹാസൻ തുടങ്ങിയവർ മുഖ്യാതിഥികളാവും.

&&&&&&&&&&&&&&&&&&

**HEADLINE-5A**

**PREZ-STATE FORMATION DAYS**

കേരളപ്പിറവിയോട് അനുബന്ധിച്ച് രാഷ്ട്രപതി ദ്രൗപദി മുർമു, പ്രധാനമന്ത്രി നരേന്ദ്ര മോദി, ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ, മുഖ്യമന്ത്രി പിണറായി വിജയൻ തുടങ്ങിയവർ ലോകമെമ്പാടുമുള്ള മലയാളികൾക്ക് ആശംസകൾ നേർന്നു. രാജ്യത്തിൻറെ പുരോഗതിക്ക് സംസ്ഥാനം ശ്രദ്ധേയമായ സംഭാവനകൾ നൽകിയിട്ടുണ്ടെന്ന് രാഷ്ട്രപതി സാമൂഹ്യമാധ്യമത്തിൽ കുറിച്ചു. വിവിധ മേഖലകളിൽ മികവ് പുലർത്തുന്നവരും സർഗ്ഗാത്മകതയ്ക്കും

നൂതനാശയങ്ങൾക്കും പേരുകേട്ടവരാണ് കേരളീയരെന്ന് കേരളപ്പിറവി ആശംസകൾ നേർന്നുകൊണ്ട് പ്രധാനമന്ത്രി പറഞ്ഞു. മധ്യപ്രദേശ്, ഹരിയാന, പഞ്ചാബ്, കർണാടക, ആന്ധ്രപ്രദേശ്, ഛത്തിസ്ഗഢ് എന്നീ സംസ്ഥാനങ്ങളും ഇന്ന് രൂപീകരണ ദിനം ആഘോഷിക്കുന്നു.ഈ സംസ്ഥാനങ്ങളിലെ ജനങ്ങൾക്കും രാഷ്ട്രപതിയും പ്രധാനമന്ത്രിയും ആശംസകൾ നേർന്നു.

&&&&&&&&&&&&&&&&&&

## INDIA-PAK

പാകിസ്ഥാൻ കശ്മീരിൽ നിയമവിരുദ്ധമായി കൈവശപ്പെടുത്തിയിരിക്കുന്ന പ്രദേശങ്ങളിലെ ഗുരുതര മനുഷ്യാവകാശ ലംഘനങ്ങൾ അവസാനിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് ഇന്ത്യ. കഴിഞ്ഞ ഏതാനും ആഴ്ചകളായി, പാക് അധീന കശ്മീരിന്റെ ചില ഭാഗങ്ങളിൽ അടിസ്ഥാന അവകാശങ്ങൾക്കായി പോരാടുന്ന നിരപരാധികളെ കൊന്നൊടുക്കുന്നതായി ഇന്ത്യയുടെ യുഎൻ മിഷൻ സെക്രട്ടറി ഭവിക മനഗലാനന്ദൻ യുഎൻ പൊതുസഭയിൽ പറഞ്ഞു. ജമ്മു കാശ്മീരും, ലഡാക്കും ഇന്ത്യയുടെ അവിഭാജ്യ ഘടകമാണെന്നും ശ്രീമതി ഭവിക കൂട്ടിച്ചേർത്തു.

&&&&&&&&&&&&&&&&&&

## UNESCO- LUCKNOW

സമ്പന്നവും വൈവിധ്യപൂർണ്ണവുമായ പാചക പൈതൃകത്തിൻറെ പേരിൽ ലഖ്നൗവിനെ യുനെസ്കോയുടെ സർഗ്ഗാത്മക നഗരങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തി . ഉസ്ബെക്കിസ്ഥാനിലെ സമർഖണ്ഡിൽ നടന്ന 43-ാമത് പൊതുസമ്മേളനത്തിലാണ് അംഗീകാരം. ഇതോടെ ഈ പദവി നേടുന്ന ലോകമെമ്പാടുമുള്ള 70 നഗരങ്ങളിൽ ഒന്നായി ലഖ്നൗ മാറി. ഹൈദരാബാദിന് ശേഷം ഈ പദവി നേടുന്ന രണ്ടാമത്തെ ഇന്ത്യൻ നഗരം കൂടിയാണ് ലഖ്നൗ .

&&&&&&&&&&&&&&&&&&

## US LAW MAKERS-H1B VISA

എച്ച്1-ബി വിസാ ഫീസ് ഒരുലക്ഷം ഡോളറായി വർധിപ്പിച്ച അമേരിക്കൻ പ്രസിഡന്റ് ഡോണൾഡ് ട്രംപിന്റെ സെപ്റ്റംബർ 19-ലെ പ്രഖ്യാപനം പുനഃപരിശോധിക്കണമെന്ന് യുഎസ് നിയമനിർമാണ സഭാംഗങ്ങൾ. ഇക്കാര്യം ആവശ്യപ്പെട്ട് ജിമ്മി പനേറ്റ, അമി ബെറ, സലൂദ് കാർബജൽ, ജൂലി ജോൺസൺ എന്നിവർ ട്രംപിന് കത്തെഴുതി. പുതിയ നിയന്ത്രണങ്ങൾ യുഎസ്-ഇന്ത്യ ബന്ധങ്ങളെ പ്രതികൂലമായി ബാധിക്കുമെന്നും നിയമനിർമാണ സഭാംഗങ്ങൾ ചൂണ്ടിക്കാട്ടി.

&&&&&&&&&&&&&&&&&

<u>ബ്രേക്ക്</u>

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്...

( ബ്രേക്ക്)

&&&&&&&&&&&&&&&&&

<u>**HEADLINE-3**</u>

<u>**RAJNATH-ASEAN (INTRO)**</u>

<u>*ആസിയാൻ പ്ലസ് രാജ്യങ്ങളുമായുള്ള പ്രതിരോധ സഹകരണം സമാധാനത്തിനും സുസ്ഥിരതയ്ക്കും വികസനത്തിനുമായുള്ള മാർഗ്ഗമായാണ് ഇന്ത്യ കാണുന്നതെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ്. മലേഷ്യയിലെ ക്വാലാലംപൂരിൽ 12-ാമത് ആസിയാൻ പ്രതിരോധ മന്ത്രിമാരുടെ യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. എല്ലാ മേഖലകളിലും സഹകരണം ശക്തമാക്കാനും, ചർച്ചകൾ പ്രോത്സാഹിപ്പിക്കാനും, സമാധാനവും സ്ഥിരതയും ഉറപ്പാക്കാനും ഇന്ത്യ തയ്യാറാണെന്ന് രാജ്യരക്ഷാ മന്ത്രി പറഞ്ഞു.*</u>

<u>*( വോയിസ്.....)*</u>

<u>*സാമ്പത്തിക, രാഷ്ട്രീയ, സുരക്ഷാ സഹകരണത്തിനായി ചർച്ചകളിലും കരാറുകളിലും ഏർപ്പെടുന്ന ആസിയാൻ രാജ്യങ്ങളും പങ്കാളിത്ത രാഷ്ട്രങ്ങളും ഉൾപ്പെട്ടതാണ് "ആസിയാൻ പ്ലസ്".ആസിയാൻ പ്രതിരോധ മന്ത്രിമാരുടെ യോഗത്തിനിടെ രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ്, ദക്ഷിണ കൊറിയ, ന്യൂസിലാൻഡ്, വിയറ്റ്നാം എന്നീ*</u>

*രാജ്യങ്ങളിലെ പ്രതിരോധ മന്ത്രിമാരുമായി വെവ്വേറെ കൂടിക്കാഴ്ച നടത്തി.*

&&&&&&&&&&&&&&&&&&

## EZHUTHACHAN PURASKARAM

കവിയും സാഹിത്യ നിരൂപകനുമായ കെ.ജി. ശങ്കരപിള്ളയ്ക്ക് ഈ വർഷത്തെ എഴുത്തച്ഛൻ പുരസ്കാരം. അഞ്ച് ലക്ഷം രൂപയും, ശിൽപവും, പ്രശസ്തി പത്രവുമാണ് പുരസ്കാരം. എൻ.എസ്. മാധവൻ ചെയർമാനും കെ.ആർ. മീര, ഡോക്ടർ കെ.എം. അനിൽ എന്നിവർ അംഗങ്ങളും കേരള സാഹിത്യ അക്കാദമി സെക്രട്ടറി സി.പി. അബൂബക്കർ മെമ്പർ സെക്രട്ടറിയുമായ പുരസ്കാരനിർണയ സമിതിയാണ് ജേതാവിനെ തിരഞ്ഞെടുത്തതെന്ന് മന്ത്രി സജി ചെറിയാൻ തിരുവനന്തപുരത്ത് അറിയിച്ചു.

&&&&&&&&&&&&&&&&&&

## UIDAI

നിർമ്മിത ബുദ്ധി , ബ്ലോക്ക്ചെയിൻ, ക്വാണ്ടം കമ്പ്യൂട്ടിംഗ്, അഡ്വാൻസ്ഡ് എൻക്രിപ്ഷൻ എന്നിവയിലൂടെ ഭാവിയിൽ ഡിജിറ്റൽ തിരിച്ചറിയൽ സംവിധാനം ശക്തിപ്പെടുത്തുന്നതിനായി യുണീക്ക് ഐഡന്റിഫിക്കേഷൻ അതോറിറ്റി ഓഫ് ഇന്ത്യ ആധാർ വിഷൻ 2032 ചട്ടക്കൂട് പുറത്തിറക്കി. ഇന്ത്യയുടെ ഡിജിറ്റൽ ഐഡന്റിറ്റി ആവാസവ്യവസ്ഥയെ പുനർനിർവചിക്കുന്നതിനും അടുത്ത തലമുറ ഡിജിറ്റൽ ഭരണം ത്വരിതപ്പെടുത്തുന്നതിനുമുള്ള സമഗ്രമായ ഒരു പ്രവൃത്തി രേഖ ഈ ചട്ടക്കൂട് നൽകുമെന്ന് കേന്ദ്ര ഇലക്ട്രോണിക്സ്, ഐടി മന്ത്രാലയം അഭിപ്രായപ്പെട്ടു.

&&&&&&&&&&&&&&&&&&

## DAY BIHAR CAMPAIGNING

ബിഹാറിൽ നിയമസഭാ തിരഞ്ഞെടുപ്പ് പ്രചാരണം ഉച്ചസ്ഥായിലായി. പ്രകടന പത്രിക പുറത്തിറക്കിയതോടെ എൻഡിഎയും, കോൺഗ്രസ്-ആർജെഡി മഹാസഖ്യവും തമ്മിലുള്ള പോരാട്ടം ശക്തമായി. ഇരു മുന്നണികളുടെയും പ്രമുഖ നേതാക്കൾ പ്രചാരണരംഗത്ത് സജീവമാണ്. ഈ മാസം 6, 11 തീയതികളിലാണ് ബിഹാറിൽ വോട്ടെടുപ്പ്. വോട്ടെണ്ണൽ 14 ന് നടക്കും.

&&&&&&&&&&&&&&&&&&

## HEADLINE-6

### IND.AUS. T-20

ഇന്ത്യ- ഓസ്ട്രേലിയ ട്വന്റി 20 പരമ്പരയിലെ മൂന്നാം മത്സരം നാളെ. ഇന്ത്യൻ സമയം ഉച്ചയ്ക്ക് 1.45ന് ബെല്ലെറീവിലാണ് മത്സരം. പരമ്പരയിൽ ഓസീസ് 1-0ന് മുന്നിലാണ്.

&&&&&&&&&&&&&&&&&&

### I C C CRICKET

ഐസിസി വനിതാ ലോകകപ്പ് ഫൈനലിൽ നാളെ ഇന്ത്യ ദക്ഷിണാഫ്രിക്കയെ നേരിടും. വൈകിട്ട് മൂന്ന് മണിക്ക് മുംബൈയിലാണ് മത്സരം. സെമിയിൽ ഓസീസിനെ 5 വിക്കറ്റിന് തോൽപിച്ചായിരുന്നു ഇന്ത്യയുടെ ഫൈനൽ പ്രവേശം.

&&&&&&&&&&&&&&&&&&

### SABARIMALA CASE

ശബരിമല സ്വർണ്ണക്കവർച്ചാ കേസിൽ ഇന്നലെ അറസ്റ്റിലായ മുൻ എക്സിക്യൂട്ടീവ് ഓഫീസർ സുധീഷ് കുമാറിനെ ഇന്ന് റാന്നി ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ ഹാജരാക്കും. ദ്വാരപാലക ശിൽപങ്ങളിലെ സ്വർണ്ണപാളികളെ ചെമ്പു പാളികളെന്ന് രേഖപ്പെടുത്തി പോറ്റിക്ക് സഹായം ചെയ്തത് സുധീഷ് കുമാറാണ്.

&&&&&&&&&&&&&&&&&&

### GST - ELECTRONICS

രാജ്യത്തെ പുത്തൻ തലമുറ ജിഎസ്ടി പരിഷ്കാരങ്ങൾ, ഇലക്ട്രോണിക്സ് മേഖലയിൽ ഗുണകരമായ മാറ്റങ്ങൾക്ക് കാരണമാകുന്നതായി കേന്ദ്ര സർക്കാർ. ഇലക്ട്രോണിക്സ് ഉപകരണങ്ങളുടെ ജി എസ് ടി കുറച്ചതിലൂടെ താങ്ങാനാവുന്ന നിരക്കിൽ ഉപഭോക്താക്കളിലേക്ക് എത്തിക്കാൻ സാധിച്ചു.

ടെലിവിഷൻ മോണിറ്ററുകളുടേയും പ്രൊജക്ടറുകളുടേയും ജി എസ് ടി 28 ശതമാനത്തിൽ നിന്ന് 18 ശതമാനമായി കുറിച്ചിട്ടുണ്ട്.

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&